# കുഞ്ഞുപൂക്കൾ

## ഇ – മാഗസിൻ



## ലിറ്റിൽ കൈറ്റ്സ് 2020–23

## ജി.ജി.എച്ച്.എസ്.എസ് പയ്യന്നൂർ

# ലിറ്റിൽ കൈറ്റ്സ് 2020-23

## ജി.ജി.എച്ച്.എസ്.എസ് പയ്യന്നൂർ

### പത്രാധിപ സമിതി

*ചീഫ് എഡിറ്റർ : ശ്രീ രമാദേവി കെ എം*

*(പ്രധാനാധ്യാപിക)*

*സ്റ്റാഫ് എഡിറ്റർ : ശ്രീ ശശിധരൻ കെ പി*

*സ്റ്റുഡന്റ് എഡിറ്റർ : സംവൃത സുനിൽ*

### പത്രാധിപ സമിതി അംഗങ്ങൾ

*ശ്രീ വിനോദ് കുമാർ, ശ്രീമതി സവിത ഇ വി*

*(കൈറ്റ് മാസ്റ്റർ & കൈറ്റ് മിസ്ട്രസ്)*

അപർണ കെ, അനന്യ സത്യൻ,

അരുണിമ ഇ, അശ്വതി എൻ,

അർച്ചന കെ, ആർദ്ര പി,

ഋതുനന്ദ അനൂപ്, കൃതിക ഭട്ട്,

കൃഷ്ണജ മിന്നാടൻ, കൃഷ്ണ ബാബു കെ വി,

ദേവിക പി, മാനസ മനോജ്,

ഗീതിക കിഷോർ കെ, ദിയ എൻ വി,

ദിൽന എൻ വി, ദൃശ്യ പി കെ,

നിമിഷ പി വി, സൂര്യനന്ദ ടി കെ,

സൂര്യ ചന്ദന എസ്, സംവൃത സുനിൽ,

ഹാസിന ടി പി, ശ്രിയ രാജീവ് എ,

ശ്രീലക്ഷ്മി കെ.

# ആശംസ



## പ്രധാനാധ്യാപിക

## ശ്രീമതി രമാദേവി കെ എം

"ഈ വർഷത്തെ

ഇ-മാഗസിൻ വളരെ ഭംഗിയായി

തയ്യാറാക്കിയ കുട്ടികൾക്കും

സഹായിച്ച അദ്ധ്യാപകർക്കും

അഭിനന്ദനങ്ങൾ"

# താളുകളിലൂടെ.......

...............................

# മഴ

മഴ പെയ്യുന്നു
എന്റെ ചില്ലകളിലൂടെ
എന്റെ വേരുകളിലൂടെ
ബാല്യകാല സ്മൃതികളുടെ
കളിമണ്ണ് കുഴച്ച്
മഴ വെള്ളം ഒഴുകിയിറങ്ങുന്നു.
എന്റെ ധമനികളിൽ കലിതുള്ളി ഒഴുകുന്ന
രക്തം കുടിച്ചു നീണ്ട വേരുകൾ
ആ പഴയ വീടിന്റെ മുന്നിലെ
നടപ്പാതയിലൂടെ വിശ്രമിച്ചു.
വേര് വിയർത്ത രക്തം മണക്കുന്നു,
കണ്ണുകൾ അടയുന്നില്ല.
ഞാൻ എങ്ങനെ മരിക്കും?

by
അനന്യ പി
8.A
G.G.H.S.S.PNR

# ശ്വാസം

നേരം പുലർന്നതേ ഉള്ളൂ. പ്രഭാതത്തിന്റെ സ്തുതി ഗീതങ്ങൾ പാടുന്നത് നിർത്തി പക്ഷിസമൂഹങ്ങൾ പോയിക്കഴിഞ്ഞിരുന്നു. മഹേഷ് തന്റെ ലാപ്ടോപിൽ എന്തൊക്കെയോ ജോലികളിൽ മുഴുകിയിരിക്കുകയായിരുന്നു. നഗരത്തിലെ ധനവാന്മാരിൽ പ്രധാനിയായ കാളിദാസന്റെ പുതിയ പ്രോജക്ടിന്റെ കോൺട്രാക്ടരാണ് മഹേഷ്. പക്ഷേ നടപടികളിലേക്ക് കടക്കണമെങ്കിൽ ചില പ്രശ്നങ്ങൾക്ക് തീർപ്പാക്കേണ്ടതുണ്ട്.

നഗരത്തിലെ കണ്ണായ സ്ഥലത്താണ് സൂപ്പർമാർക്കറ്റ് പണിയാൻ പദ്ധതിയിട്ടിരിക്കുന്നത്. അവിടെ നിൽകുന്ന മരങ്ങൾ വെട്ടിമാറ്റുകയെന്നതാണ് ആദ്യ കടമ്പ. പക്ഷേ വൃക്ഷസംരക്ഷണ സമിതിക്കാർ സ്ഥലത്ത് കുത്തിയിരിപ്പ് സത്യാഗ്രഹം തുടങ്ങിയിട്ട് നാളിത്തിരിയായിരിക്കുന്നു. മരങ്ങൾ വെട്ടാനുള്ള എല്ലാ ശ്രമങ്ങൾക്കും അവർ തടയിട്ടു.

“സിറ്റിയിൽ ആകെക്കൂടിയുള്ള കുറച്ച് മരങ്ങളാണ്, എന്തൊക്കെ സംഭവിച്ചാലും ഇവയെ തൊടാൻ ഞങ്ങൾ സമ്മതിക്കില്ല”. സമിതിക്കാർ തീർത്തുപറഞ്ഞു.

കാളിദാസൻ തന്റെ സ്വാധീനങ്ങൾ പലതും ഇതിനായി ഉപയോഗിച്ചുനോക്കി. പക്ഷേ ഒന്നും വിലപ്പോയില്ല.

പെട്ടെന്നാണ് അകത്തുനിന്ന് ഫോൺ മന്ത്രിച്ചത്. മഹേഷ് ചെന്ന് ഫോണെടുത്തു. മറുതലയ്ക്കൽ കാളിദാസനായിരുന്നു

“ഹലോ സാർ, പറയൂ”.

“ഹലോ മിസ്റ്റർ മഹേഷ്, പ്രശ്നങ്ങൾ എല്ലാം ഒതുങ്ങിയിട്ടുണ്ട്. സമിതിയുടെ പ്രസിഡന്റിന് കാശിന്റെ അത്യാവശ്യം ഉണ്ടായിരുന്നു. ആദ്യമയാൾ കുറേ എഥിക്സ് ഒക്കെ പറഞ്ഞുവെകിലും പിന്നീടങ്ങ് സമ്മതിച്ചു”. കാളിദാസ് പറഞ്ഞു.

“ആണോ എന്നാൽപ്പിന്നെ ഇന്നുതന്നെ ജോലികൾ തുടങ്ങിയാലോ”. മഹേഷ് ചോദ്യമയച്ചു.

“തീർച്ചയായും ഞാൻ മരംവെട്ടുകാരെ ഏർപ്പാടുചെയ്തു കഴിഞ്ഞു.താങ്കൾ ഇപ്പോൾ തന്നെ പുറപ്പെട്ടോളൂ”.

“എന്നാൽ അങ്ങനെയാകട്ടെ.” മഹേഷ് ഫോൺ വച്ചു. ഒട്ടും താമസിയാതെ തയ്യാറായി. പോകാനിറങ്ങവെ അകത്തേക്ക് വിളിച്ച് പറഞ്ഞു.

“സുമേ ഞാൻ ഇറങ്ങുന്നു”.

“ആ,ശരി”. അകത്തുനിന്നും ഒരു സ്ത്രീശബ്ദം.
മഹേഷ് പ്ലോട്ടിലെത്തിയപ്പോഴേക്കും മരംവെട്ടുകാർ ഒരുക്കങ്ങൾ തുടങ്ങികഴിഞ്ഞിരുന്നു. വൃക്ഷസംരക്ഷണസമിതിക്കാർ പത്തിമടക്കി സ്ഥലം വിട്ടുകഴിഞ്ഞു. മരം മുറിക്കലിന് ശേഷം അടുത്തഘട്ടത്തിലേക്ക് ഒരുക്കങ്ങൾ ചെയ്യണം.
വെട്ടുന്നതിനുമുമ്പേ മഹേഷ് എല്ലാമരങ്ങളെയും നന്നായി ഒന്ന് നോക്കി. ആകാശം മുട്ടെ ഉയർന്നുനിൽക്കുന്ന, നിറയെ പച്ചിലകളാൽ സമൃദ്ധമായ എട്ടു പത്ത് മരങ്ങൾ. അവയുടെ ജീവിതങ്ങൾക്ക് തിരശ്ശീല വീഴാൻ പോകുന്നു.
പെട്ടെന്ന് മൊബൈൽ ഫോണിന്റെ മുഴക്കം. സുമയാണ് വിളിക്കുന്നത്. മഹേഷ് വേഗംതന്നെ ഫോൺ എടുത്തു.
“ചേട്ടാ മോൾക്ക് ശ്വാസം കിട്ടുനില്ല. ഇവിടെയുള്ള ഓക്സിജൻ സിലണ്ടറാണെങ്കിൽ കാലിയാണ്. ആംബുലൻസിനെ അറിയിച്ചിട്ടുണ്ട്. വേഗം വരു”. ഭാര്യ വെപ്രാളപ്പെട്ട് പറഞ്ഞവസാനിപ്പിച്ചു. അവ്യക്തമായ ചില ഞരക്കങ്ങൾ മഹേഷ് കേട്ടു. എന്തുചെയ്യും എന്നറിയാതെ അയാൾ തരിച്ചു നിൽക്കെ മരങ്ങളുടെ കടക്കൽ വെട്ടുവീണുകഴിഞ്ഞിരുന്നു.

അപർണ പി കെ

# ഓർമ്മ

കവിളൊട്ടി, ചിരി മാഞ്ഞുപോയ
തണലുകളുടെ കാവൽക്കാരിയെ
ഒരിക്കൽക്കൂടി കാണുകയാണ്.
ചില്ലക്കയ്യുകളുടെ അങ്ങേയറ്റത്ത്
കൈപിണച്ചാടുന്ന ഓർമ്മകളുടെ മുഖം
വ്യക്തമായിരുന്നില്ല.

കുളപ്പടികളിൽ തടഞ്ഞുവീണ
നാട്ടുവിശേഷങ്ങളൊക്കെ
മുഖം ചുളിച്ചിരുന്നു
ഓർക്കാത്തതിനാലല്ല,
മടങ്ങിവരവുകളെ മടക്കിയയച്ചതിനാൽ.

മഞ്ചാടിമണികളുടെ കൊഞ്ചലുകൾ,
ചിലമ്പലുകൾ, അടക്കിച്ചിരികൾ,
ചിണുക്കങ്ങൾ
ലാളനയ്ക്കുമപ്പുറം എന്തോഒന്ന്
അവർക്കായി നൽകിയതാണല്ലോ
ഇന്ന് അത് മറന്നിരിക്കുന്നു.

ചേലയുടെ പൊലിമയിലഹങ്കരിച്ചിരുന്ന
കുറിഞ്ഞിപ്പൂവുകൾ
ഒരു പകൽ സ്വപ്നമാക്കി
രാത്രിയുടെ ആലസ്യത്തിലുറങ്ങി,
ഉണർന്നുയർന്നാടി നിന്നവ,
വാടിയൊതുങ്ങിയിരിക്കുന്നല്ലോ.

ഒന്ന്, രണ്ട്, മൂന്ന്.........
ആറ്, എട്ട്, പത്ത്................
അങ്ങനെ അങ്ങനെ ഞാൻ
ഓർമ്മപ്പുസ്തകത്തിന്റെ താളുകൾ
മറിച്ചുകൊണ്ടിരുന്നു.

അപർണ പി കെ

# Rainy Days

*Rainy days are exemplary attributions of nature. I think people of all ages loves Rain. They enjoy watching rainfall and in engaging in various activities. Rainy days are different from any other day. A rainy day relaxes and soothes our Soul. As stated early rainy days are enjoyed by people of all age. kids are probably the most excited amongst all. Rainy days brings pleasant weather, thoughts, more ever, it uplift the moods of kids. It gives a chance for the kids to step out from their house, Play in the rain, to get wet, make paper boots, Jump in the puddles etc. For students rainy days means a break from school. It gives them a break From their monotonous routine as the school declares a holiday. Students enjoy the day by relaxing going out with friends and more. The cold breeze which blows with rain also make the weather soothing. Rainy days are those rare times when we take our eyes off from out phones and gadgets. The smell of soil when it rains first is So astonishing.*

*For office going people rainy days are days which give relief from the busy schedules.*

*When i think of rainy days, it brings back very special memories. when it rains I often went to balcony having a cup of hot tea I enjoy watching the beauty of rain and nature. In the stagnant water after rain, me and my friend make paper boats. How diverse is the nature. The beauties of nature are the greatest gifts of God to man. Watching natures beauty is really charming. There is no repetition in nature. So, take a*

*break from your eyes and ears keen and observe the nature.*

*Samjna R Acharya*

*- typed by Ananya Sathyan*

# PHRASAL VERBS

Account for: explain how it happened
Back up: support
Blow out: extinguish/stop burning
Break out: being suddenly
Bring about: cause to happened
Bring down: to lower
Bring up: take care of; look after
Call at: visit
Call off: cancel
Call out: shout
Come about: happen
Come across: meet by chance
Come back: return
Get away: escape
Get through: pass
Get up: get out of bed
Give in: surrender
Give up: stop doing; abandon
Go at: attack
Go off: explore
Go on: continue
Go through: examine carefully
Keep on: continue
Make out: understand
Look after: take care of something/someone
Pass away: die
Put across: explain or communicate
Put away: put in the usual place of storage
Put forward: suggest for consideration
Put on: wear
Set about: start to do
Set in: begin and continue
set off/set out: start a journey
Take down: write down
Take off: remove

*Ananya Sathyan*

# പ്ലേഗ്

പല കാലങ്ങളായി ദുരന്തം വർഷിച്ച വൻ മഹാമാരി ആണ് പ്ലേഗ്. ഒരു ജന്തുജന്യ രോഗമായ പ്ലാഗ് , യെസീനിയ ... എന്ന ബാക്ടീരിയയാണ് പകർത്തുന്നത്. എലി ചെള്ള് ആണ് രോഗവാഹക കീടം. ഈ ബാക്ടീരിയ മുഖ്യമായും എലിച്ചെള്ളിലും അവയിൽ നിന്ന് എലികളിലേക്കും മനുഷ്യരിലേക്കും പടരുന്നു. വലിയ പനി, കുളിര്, തലവേദന, ശരീര വേദന, ക്ഷീണം, ഓക്കാനം എന്നീ പ്രാരംഭലക്ഷണങ്ങൾ കാണിക്കുന്ന പ്ലേഗ്, എലിച്ചെള്ള് കടിക്കുകയോ, രോഗിയുമായുള്ള സമ്പർക്കം കൊണ്ടോ, അപൂർവ്വമായി ശ്വസിക്കുന്നതിലൂടെയോ, രോഗബാധയുള്ള സാധനങ്ങൾ ഉള്ളിൽ ചെന്നോ ആണ് മനുഷ്യരിലേക്ക് പടരുന്നത് . ശരീരത്തിൽ കയറിയ രീതി അനുസരിച്ച് പ്ലാഗ് മൂന്ന തരമുണ്ട്, ബ്യുബോനിക് പ്ലേഗ്, ന്യൂമോനിക്, സെപ്റ്റിസീമിക്. എലിച്ചെള്ള് മുഖാന്തരം ഉണ്ടാകുന്ന ബ്യുബോനിക് പ്ലേഗ് , കാലാന്തരത്തിൽ ന്യൂമോനിക്, സെപ്റ്റിസീമിക് എന്നീ ഇനം പ്ലേഗ് ആയി മാറിയേക്കാം. ഇവ രണ്ടും പകർത്തുന്നത് എലിച്ചെള്ളുകൾ അല്ല. ചരിത്രത്തിൽ മൂന്നുതവണ പ്ലാഗ് നാശംവിതച്ചിട്ടുണ്ട്. 30-60% ആണ് മരണസാധ്യത. 0542-ൽ തുടങ്ങിയ പ്ലഗ് 100 ദശലക്ഷം പേരുടെ ജീവനാണ് കവർന്നെടുത്തത്. നൂറ്റാണ്ടുകളുടെ ഇടവേളയ്ക്കു ശേഷം 1346-ൽ തിരിച്ചു വന്ന മഹാമാരി 3 ദശാബ്ദം നീണ്ടുനിൽക്കുകയും 25 ദശലക്ഷം മരണങ്ങൾക്ക് കാരണമാവുകയും ചെയ്തു. നീണ്ട ഇടവേളയ്ക്ക് ശേഷം 1894-ൽ ആരംഭിച്ച രോഗം 1930 വരെ നീണ്ടു നിന്നു. 1950 തൊട്ട് 2001 വരെയുള്ള രോഗ വ്യാപനത്തിന്റെ നിരക്ക് ആ പേക്ഷികമായി കുറവായിരുന്നു.

മെച്ചപ്പെട്ട വ്യക്തിപരിസരശുചിത്വവും, ഹൈഡ്രജൻ സൈനേഡ് വച്ചുള്ള പുകയ്ക്കലും , എലിയെയും എലിച്ചെള്ളിനേയും കൂട്ടത്തോടെ നശിപ്പിച്ചതിലൂടെയുമാണ് മനുഷ്യ രാശി പ്ലേഗിന്റെ വിസ്ഫോടനത്തെ തടഞ്ഞത് . 1898- ൽ ശാസ്ത്രജ്ഞനായ പൌൾ ലോഇസ് സൈമോണ്ട് , എലി ചെള്ള് ആണ് രോഗവാഹക കീടം എന്ന് കണ്ടെത്തിയത് . രോഗവ്യാപന കാരണം എന്തെന്നും അവയുടെ പ്രതിരോധം എങ്ങനെയെന്നും ഉള്ള ശാസ്ത്ര ലോകത്തിന്റെ ചോദ്യങ്ങൾക്ക് മറുപടിയായി.

മാനസ സി

*- typed by Ananya Sathyan*

# **NATURE IS A GIFT**

**Nature is a gift from god. We can destroy it but cannot build it, so we must protect it. Whether it is in a group or alone, it benefits everyone. We have to do is not use plastics, and don't leave it in our nature. Don'tall make so many buildings those cause pollution, instead plant a tree. A building gives only some money for few people. Without life, money has no place and value.**


**"Protect the land that equal to our mother."**

**"Remember the tree that give us oxygen."**

**"Be careful not to cut it."**

KRITHIKA BHAT

- *typed by Manasa Manoj*



# IMPORTANT QUOTES OF GANDHI

**"In a gentle way, you can shake the world."**

- **"A man is but a product of his thoughts. What he thinks he becomes."**
- **"The weak can never forgive. Forgiveness is the attribute of the strong."**
- **"You must not lose faith in humanity. Humanity is an ocean; if a few drops of the ocean are dirty, the ocean does not become dirty."**
- **"An eye for an eye only ends up making the whole world blind."**
- **"See the good in people and help them."**

***-- typed by Ananya Sathyan***

# ഐസക് ന്യൂട്ടൺ

പ്രഗല്ഭനായ  ഇംഗ്ലീഷ് ഭൗതിക ശാത്രജ്ഞനും, ഗണിത ശാത്രജ്ഞനും, ജ്യോതിശാത്രജ്ഞനും, തത്ത്വചിന്തകനും, ആൽകെമിസ്റ്റും, ദൈവ ശാത്രജ്ഞനും ആയിരുന്ന "സർ ഐസക്ക് ന്യൂട്ടൻ". 1642 ഡിസംബർ 2 ഇംഗ്ലണ്ടിലെ വൂൾസ്ത്രോർപ്പ്ബൈ-കോൾസ്റ്റർവർത്ത് ലിങ്കൺഷെയറിൽ ജനിച്ചു. ഐസക് ജനിക്കുന്നതിനു മൂന്നു മാസം മുൻപ് അച്ഛൻ മരിച്ചു .മൂന്നാം വയസ്സിൽ അമ്മ പുനർവിവാഹം കഴിച്ചു. അമ്മൂമ്മയുടെ സംരക്ഷണത്തിൽ 12-ാം വയസ്സിലാണ് സ്കൂൾ വിദ്യാഭ്യാസം ആരംഭിച്ചത്. ആദ്യമായി ലിങ്കൺഷെയറിലെ ഗ്രാമർ സ്കൂളിൽ ചേർന്ന് പഠിച്ചു. ഗ്രാമർ സ്കൂളിൽ യാന്ത്രീകമോഡലുകൾ ഉണ്ടാകുന്നതിലാണ് ന്യൂട്ടൻ ശ്രദ്ധ കേന്ദ്രീകരിച്ചത്. സ്കൂൾ കാലത്ത് അദ്ദേഹം സൺഡിയൽ, വാട്ടർക്ലോക്ക് തുടങ്ങി  അനവധി യാന്ത്രീക മോഡലുകൾ ഉണ്ടാക്കി.

കേംബ്രിഡ്ജിലെ ടിനിററി കോളേജിൽ നിന്ന് പ്രകാശത്തെക്കുറിച്ച് കെപ്ലർ എഴുതിയ പുസ്തകങ്ങൾ വായിക്കാൻ ഇടയായി. 1665-ൽ അദ്ദേഹം ടിനിറ്റി കോളേജിൽ നിന്ന് ബിരുദം നേടി. അതേ വർഷം തന്നെ അദ്ദേഹം പ്രസിദ്ധമായ ബൈനോമിയൽ തിയറി കണ്ടെത്തിയതും കാൽകുലസ് എന്ന ഗണിതശാഖയുടെ പ്രാരംഭം കുറിച്ചതും. 1665-ൽ ആപ്പിൾ മരത്തിൽ നിന്ന് ഒരു ആപ്പിൾ താഴേക്ക് വീഴുന്നത് കണ്ടപ്പോൾ, എന്തുകൊണ്ടാണ് അത് മുകളിലേക്ക് പോകാതതത്ത് എന്ന്  വിചാരിച്ച ന്യൂട്ടന്റെ ചിന്തയാണ് 22 വർഷത്തിനു ശേഷം ഗുരുത്വാകർഷണ സിദ്ധാന്തമായി 1687-ൽ പുറത്തുവന്നത്. ആപ്പിൾ വീണപ്പോൾ, ന്യൂട്ടൺ ഗുരുത്വാകർഷണത്തെ ഒരു പ്രത്യേക തരം ചലനമായി കണക്കാക്കാൻ തുടങ്ങി. രണ്ട് വസ്തുക്കൾ തമ്മിലുള്ള ബലമാണ് ഗുരുത്വാകർഷണമെന്ന് ന്യൂട്ടൺ മനസ്സിലായി.

1689-ൽ ബ്രിട്ടീഷ് പാർലമെന്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം പിന്നീട് തിരിച്ചു വന്നതോടെ രോഗശയ്യയിലായി. അവസാന കാലത്ത് ഇനയത്തിൽനിന്നും രസത്തിൽ നിന്നും സ്വർണ്ണമുണ്ടാക്കാൻ സാധിക്കുമെന്ന് വിശ്വസിക്കുകയും വർഷങ്ങളോളം അതിന് ചിലവഴിക്കുകയുമുണ്ടായി. 1725 മുതൽ തികച്ചും രോഗഗ്രസ്തനായ ന്യൂട്ടൻ തന്റെ 85 ാം വയസ്സിൽ (1727 മാർച്ച് 20) ഇഹലോകവാസം വെടിഞ്ഞു.

അഭിഷ രാധാകൃഷ്ണൻ

*- typed by Manasa Manoj*

# തോമസ് ആൽവ എഡിസൺ

മനുഷ്യജീവിതത്തെ മാറ്റിമറിച്ച ഒട്ടേറെ കണ്ടെത്തലുകൾ നടത്തിയ ഒരു അമേരിക്കക്കാരനാണ് തോമസ് ആൽവ എഡിസൺ. ഫോണോഗ്രാഫ്, ചലിച്ചിത്ര ക്യാമറ, വൈദ്യുതബൾബ് തുടങ്ങി ലോകമെമ്പാടുമുള്ള ജീവിതങ്ങളെ സ്വാധീനിക്കുന്ന തരത്തിലുള്ള ശ്രേഷ്ഠമായ കണ്ടെത്തലുകൾ നടത്തിയ അദ്ദേഹം "മെൻലോപാർക്കിലെ മാന്ത്രികൻ" എന്നറിയപ്പെടുന്നു. എഡിസൺ ഒരു വമ്പനവ്യവസായ സാമ്രാജ്യത്തിന്റെ അധിപനും കൂടിയായിരുന്നു. ആദ്യ വ്യാവസായിക റിസർച്ച് ലബോറട്ടറി സ്ഥാപിച്ചയാളെന്ന ബഹുമതിയും എഡിസനുള്ളതാണ്. ലോകചരിത്രത്തെ ഏറ്റവും സ്വാധീനിച്ച 100 വ്യക്തികളുടെ ഹ്രസ്വചരിത്രമായ, മൈക്കിൾ ഹാർട്ട് 1978 ൽ പ്രസിദ്ധീകരിച്ച "ദ ഹൻഡ്രഡ്" എന്ന പുസ്തകത്തിൽ ഏഡിസനാണ് 35-ാം സ്ഥാനമാണുള്ളത്.

മരികുന്നതിനു മുമ്പായി 1300 ൽ പരം അത്ഭുത കണ്ടുപിടത്തങ്ങളുടെ പേറ്റന്റെ സ്വന്തം പേരിൽ റജിസ്റ്റർ ചെയ്ത തോമസ് ആലവ എഡിസന്റെ ജീവിതകഥ വളർന്നുവരുന്ന തലമുറയ്ക്ക് ഏറെ പ്രചോദനം നല്കുന്നതാണ്. ഏഡിസന് ആദ്യമായി കിട്ടിയ ശാസ്ത്ര പുസ്തകമാണ് "സ്കൂൾ ഓഫ് നാച്യുറൽ ഫിലോസഫി". ന്യൂജേസസ്സിയിലെ മെനലോ പാർക്കിൽ ഇന്റെസ്സ്ടിയൽ റിസർച്ച് ലാബ് അദ്ദേഹം സ്ഥാപിച്ചു. വർഷങ്ങൾ നീണ്ട ഗവേഷണത്തിലൂട അദ്ദേഹം 1093 അമേരിക്കൻ പേറ്റന്റെകളും കൂടാതെ യുകെയിലേയും ഫ്രാൻസിലേയും നിരവധി പേറ്റന്റെകൾ നേടി.

ഷെയർമാർക്കറ്റിൽ വരുന്ന മാറ്റങ്ങൾ റെഗപ്പെടുത്തുന്ന സ്റ്റോക്ക് ടിക്കർ, വൈദ്യുതഉൽപ്പാദന വിതരണ സംവിധാനം,ഒരു സമയം രണ്ട് സന്ദേശങ്ങൾ അയക്കാൻ കഴിയുന്ന ടെലഗ്രാഫ് ടെലിഫോൺ ട്രാൻസമിറ്റർ, ഇലക്ട്രിക് ബൾബ്,ഇലക്ട്രിക് റെയിൽവേ ,യഇ ലേകട്ടിക് കാറിന്റെ ബാറ്ററി ,ശബ്ദം റെക്കോര് ചെയ്യാനും പ്ലേ ചെയ്യാനുമുള്ളാ ഫോണോഗ്രാഫ്,മൂവിക്യാമറ, അയണോ സെഷറേറ്റർ തുടങ്ങിയവയാണ് എടസന്റെ പ്രധാന കണ്ടുപിടത്തങ്ങൾ.

1879 ഒക്ടോബർ 21 ന് ആസൂത്രിതമായ ഒരു വൈദ്യത പ്രകാശ ബൾബ് ഉണ്ടാക്കിയതിനുശേഷം, നിലവിലുള്ള ഗ്യാസുകൊണ്ട് കത്തുന്ന ഉപഭോഗങ്ങൾക്കെതിരായി മത്സസരിക്കുവാൻ വേണ്ടി ഏഡിസൺ ഒരു വൈദ്യുത ഉപഭോഗസമിതി രൂപീകരിച്ചു.1889 ൽ അദ്ദേഹത്തിന് വൈദ്യുതവിതരണത്തിന് പേറ്റന്റ് ലഭിക്കുകയും ,തുടർന്ന് എഡിസൺ ഇല്യൂമിനേറ്റിങ്ങ് കമ്പനി സ്ഥാപിക്കുകയും ചെയ്തു. ന്യൂയോർക്ക് നഗരത്തിലെ പേൾ സ്ട്രീറ്റ് സ്റ്റേഷനിൽ 1882 ന് ആ കമ്പനി ഇലകട്ടിക്

വിതരണം സ്വന്തമാക്കുകയും ചെയ്തു. 1882 സെപ്റ്റംബർ 4 നാണ് എഡിസൺ പേൾ സ്ട്രീറ്റിലെ വൈദ്യുത വിതരണം ആരംഭിച്ചത്

അദ്ദേഹത്തിന്റെ മരണത്തിനു ശേഷം ധാരാളം സ്ഥലങ്ങൾക്കും സ്ഥാപനങ്ങൾക്കും പാലങ്ങൾക്കും ശൂന്യാകാശഗോളങ്ങൾക്കുംമെല്ലാം തന്നെ അദ്ദേഹത്തിന്റെ പേര് നൽകപ്പെട്ടു. ശൂന്യകാശത്തിലെ ഒരു ഉൽക്കയ്ക്ക് അദ്ദേഹത്തിന്റെ പേ നൽകിയിരുന്നത"ആസ്റ്ററൊയ്ഡ്എഡിസോണ"എന്നാണ്.

തോമസ് ആൽവ എഡിസൺ വൈദ്യുത ബൾബ് കണ്ടുപിടിക്കുകയോ വൈദ്യുതി വിതരണം ആരംഭിക്കുകയോ ചെയ്തില്ലായിരുന്നെങ്കിൽ നമുക്ക് ഈ സുഖസൌകര്യങ്ങളൊന്നും തന്നെ അനുഭവിക്കാൻ കഴിയില്ലായിരുന്നു. ഈ മഹാമാരി കാലത്ത് എഡിസന്റെ കണ്ടുപിടുത്തങ്ങൾ നമുക്ക് ഒരുപാട് സഹായകമാണ്. എഡിസന്റെ ജീവിതം ഒരുപാട് പേർക്ക് പ്രചോദനം നൽകുന്നതാണ് .

വൈദ്യുതിയിൽ നിന്ന് പ്രകാശം ഉല്പ്പാദിപ്പിക്കമമെന്ന് കണ്ടുപിടിച്ചത് ലോകചരിത്രത്തിലെ ഒരു വഴിത്തിരിവായി മാറി .ശാസ്ത്ര ലോകത്തെ ഏക്കാലത്തെയും വലിയ വിസമയമായി മാറാൻ ഏഡിസന് കഴിഞ്ഞു.

"കൊല്ലാൻ ഞാൻ ഒരായുധവും നിർമ്മിച്ചിട്ടില്ല എന്നതിൽ ഞാൻ അഭിമാനിക്കുന്നു " എന്നത് എഡിസന്റെ വാക്കുകളാണ് .

സൂര്യനന്ദ 10B

# EARTH - OUR MOTHER PLANET



*Earth is a planet. It is our living place and breath of life but some time we forget that. By making pollution, plastic uses, Global warming and etc. It all are making that plant unhygienic. If the planet become unhygienic, we will also be unhygienic. Because, In old time the people have no buildings they have no only small huts and many trees. But this time is not like that . In old time the people have no diseases they have a healthy body. But this time is not like that is difference. But a one thing that we can change all with five things that are Reduce, Reuse, Recycle, plant  a tree and save the Earth. Remember one tree give many oxygen.*





*Sooryananda 10B*

# ഇന്ത്യൻ ബഹിരാകാശ ചരിത്രം - നാൾവഴികൾ

ഇന്ത്യയുടെ ബഹിരാകാശത്തെ കുറിച്ചുള്ള സ്വപ്നങ്ങൾ പ്രാചീനകാലത്ത് തന്നെ തുടങ്ങുന്നു. ചൈനയിൽ നിന്നും വന്ന വെടിക്കോപ്പുകളുടെ നിർമാണത്തെ അടിസ്ഥാനപെടുത്തിത്തന്നെ അന്നത്തെ ഭരണാധികാരികൾ റോക്കറ്റ് വിക്ഷേപണത്തെപ്പറ്റിയുള്ള ആലോചനകൾ നടത്തിയതായി ചരിത്രരേഖകൾ വ്യക്തമാക്കുന്നുണ്ട്. എന്നാൽ അത് പ്രാവർത്തികമാകാൻ പിന്നെയും നൂറ്റാണ്ടുകൾ ഇന്ത്യൻ ബഹിരാകാശ ഗവേഷണങ്ങൾ സ്വാതന്ത്ര്യലബ്ധിക്കു മുൻപേ തുടങ്ങിയിരുന്നു. ശിശ്രൂർ കുമാർ മിശ്ര 1920 ഗവേഷണങ്ങൾ നടത്തിയിരുന്നു. സ്വാതന്ത്ര്യം കിട്ടുന്നതിന് രണ്ടുവർഷം മുൻപ് 1945 ൽ ഡിപ്പാർട്ട്മെൻറ് ഓഫ് അറ്റോമിക് എനർജി (ഡിഎ ഇ) സ്ഥാപിക്കുകയുണ്ടായി. അതിന്റെ സെക്രട്ടറിയായി ചുമതലയേറ്റത് ഹോമി ജഹാംഗീർ ബാബയായിരുന്നു. 1961 ൽ നെഹ്റു സർക്കാർ ബഹിരാകാശ ഗവേഷണങ്ങൾ ഡിഎ ഇ യുടെ കീഴിലാക്കി.

1962 ൽ തന്നെ ഹോമി ജഹാംഗീർ ബാബയുടെയും വിക്രം സാരാഭായിയുടെയും നേതൃത്വത്തിൽ ഇൻ കോസ് പാർക്ക് സ്ഥാപിതമാവുകയും വിക്രം സാരാഭായി അതിന്റെ ഡയറക്ടർ ആകുകയും ചെയ്തു. ഇന്ത്യൻ ബഹിരാകാശ ചരിത്രത്തിന്റെ സുവർണ്ണ കാലഘട്ടമായ സാരാഭായിയുടെ കാലഘട്ടത്തിൻറെ തുടക്കം യഥാർത്ഥത്തിൽ അവിടെ നിന്നുമായിരുന്നു.

സൗണ്ടിംഗ് റോക്കറ്റുകളുടെ വിക്ഷേപണങ്ങൾക്കായി 1962 ൽ തുമ്പ ഇക്വറ്റോറിയൽ റോക്കറ്റ് ലോഞ്ചിംഗ് സ്റ്റേഷൻ (TERLS) ആരംഭിക്കുകയും 1963 നവംബർ 21 ന് ആദ്യത്തെ റോക്കറ്റ് അപ്പാച്ചെ (അമേരിക്കൻ നിർമ്മിതം) വിക്ഷേപിക്കുകയും ഉണ്ടായി.

പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കാനായി 1969 ആഗസ്റ്റ് 15 ന് ഇൻകോസ്പാർ പദ്ധതിയുടെ കീഴിൽ ഐഎസ്ആർഒ രൂപീകരിക്കപ്പെട്ടു. ആദ്യ ചെയർമാൻ വിക്രം സാരാഭായി തന്നെയായിരുന്നു. പിന്നീട് 1972 ബഹിരാകാശ വകുപ്പ് രൂപീകരിച്ചതോടെ ഡി എ ഇ യുടെ കീഴിൽ നിന്ന് ഐഎസ്ആർഒ യെ അതിലേക്ക് മാറ്റി. INCOSPAR അതേപടി നിലനിർത്തുകയും ചെയ്തു. സ്പേസ് ടെക്നോളജി ഇൻ ദി സർവീസ് എന്നതാണ് ഐഎസ്ആർഒയുടെ ആപ്തവാക്യം.

ഐഎസ്ആർഒയുടെ രൂപീകരണത്തിന് ശേഷം നടപടികളെല്ലാം തന്നെ ദ്രുതഗതിയിലായി. 1975 ഇന്ത്യയുടെ ആദ്യ കൃത്രിമ ഉപഗ്രഹമായ ആര്യഭട്ട സോവിയറ്റ് യൂണിയനിൽ നിന്നും  വിക്ഷേപിക്കപ്പെട്ടു. റഷ്യയുടെ കോസ്മോസ് ത്രീ എം റോക്കറ്റ് ആണ് വിക്ഷേപണ വാഹനമായി ഉപയോഗിച്ചത്. 1992 ഫെബ്രുവരി 11 ന് ഭൗമാരീഷത്തിൽ തിരിച്ചെത്തിയ ദൗത്യം എക്സ്-റേ ജ്യോതിശാസ്ത്രം സൗരഭൗതികശാസ്ത്രം വ്യോമയാന വിജ്ഞാനം തുടങ്ങിയ പഠന മേഖലകളിൽ നിരവധി കണ്ടെത്തലുകൾ നടത്തി.

ഇന്ത്യയുടെ രണ്ടാമത്തെ കൃത്രിമ ഉപഗ്രഹം ആയ ഭാസ്കരയും ( ഒന്നും രണ്ടും ) വിദേശത്തുനിന്നുതന്നെയാണ് വിക്ഷേപിക്കപ്പെട്ടത്. 1979 ജൂൺ ഏഴിന് ഭാസ്കര ഒന്നും 1981 നവംബർ 20 ന് ഭാസ്കര രണ്ടും വിക്ഷേപിക്കപ്പെട്ടു.

ഉപഗ്രഹ വിക്ഷേപണങ്ങൾക്ക് ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഇന്ത്യ നേരിട്ട വലിയൊരു വെല്ലുവിളിയായിരുന്നു. അതിനാലാണ് ആദ്യ രണ്ടു ഉപഗ്രഹങ്ങളും വിദേശ സഹായത്തോടെ വിക്ഷേപിക്കേണ്ടി വന്നത്. എന്നാൽ ഈ വെല്ലുവിളികളെ മറികടന്നുകൊണ്ട് മൂന്നാമത്തെ  കൃത്രിമ ഉപഗ്രഹമായ രോഹിണി ഇന്ത്യയിൽ നിന്നു തന്നെ വിക്ഷേപിക്കപ്പെട്ടു. ഇന്ത്യയുടെ നാലാമത്തെ കൃത്രിമ ഉപഗ്രഹമായ ആപ്പിളും ഇന്ത്യയിൽ നിന്നു തന്നെയാണ് വിക്ഷേപിച്ചത്.

ഇന്ത്യയുടെ വിക്ഷേപണ പരമ്പരകളെ മൂന്നായി തരംതിരിക്കാം ഇൻസാറ്റ്, മെറ്റ്സാറ്റ്, ഐആർഎസ് അഥവാ റിമോട്ട് സെൻസിംഗ് എന്നിവയാണ് മൂന്നു പരമ്പരകൾ. ഇവയുടെ വിക്ഷേപണങ്ങൾക്കായി ആദ്യം എസ്എൽവിയും ഇപ്പോൾ പി എസ് എൽ വി യും ജിഎസ്എൽവിയും ഉപയോഗിക്കുന്നു.

സാറ്റലൈറ്റ് ലോഞ്ചിംഗ് വെഹിക്കിൾ അഥവാ എസ് എൽ വി 1970 മുതൽ ഉപയോഗത്തിൽ ഉണ്ട്. 40 കിലോഗ്രാം വഹിക്കാനും 250 ml ഉയരത്തിൽ എത്താനും ഇവയ്ക്ക് സാധിക്കും. ആദ്യത്തെ വിജയകരമായ വിക്ഷേപണം നടന്നത് 1980 ജൂലൈ 18 നാണ്.

പിഎസ്എൽവി അഥവാ പോളാർ സാറ്റലൈറ്റ് ലോഞ്ചിംഗ് വെഹിക്കിൾ 1993 മുതൽ ഉപയോഗിച്ചുവരുന്നു. 44 മീറ്റർ ഉയരമുള്ള പിഎസ്എൽവി, ഐആർഎസ് ഉപഗ്രഹങ്ങളും ജി ടി ഒ ഉപഗ്രഹങ്ങളും വഹിക്കാൻ കഴിവുള്ളവയാണ്.

ദീർഘദൂര ദൗത്യങ്ങൾക്കായി ഇപ്പോൾ ഉപയോഗിക്കുന്നത് ജിയോ സിങ്ക്റൊണൈസ് ലോഞ്ചിംഗ് വെഹിക്കിൾ അഥവാ ജിഎസ്എൽവിയാണ്.

ഇന്ത്യയുടെ ചാന്ദ്ര പര്യവേഷണ ദൗത്യങ്ങളും ചൊവ്വ ദൗത്യങ്ങളും ശ്രദ്ധേയമാണ്. ഇന്ത്യയുടെ ആദ്യ ചാന്ദ്രദൗത്യം ആയ ചന്ദ്രയാൻ ഒന്ന് 2008 ഒക്ടോബർ 22 ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെൻററിൽ നിന്നും വിക്ഷേപിക്കപ്പെട്ടു. പിഎസ്എൽവി സി 11 ആയിരുന്നു വിക്ഷേപണ വാഹനം. വിവിധ രാജ്യങ്ങളിൽ നിർമ്മിക്കപ്പെട്ട 11 ശാസ്ത്രീയ ഉപകരണങ്ങൾ ദൗത്യം വഹിച്ചു. 2009 ആഗസ്റ്റ് 29 നാണ് ദൗത്യം അവസാനിച്ചത്.

ഇന്ത്യയുടെ ആദ്യ ചൊവ്വ ദൗത്യമായ മംഗൾയാൻ അഥവാ മോം 2013 നവംബർ 5 ന് വിക്ഷേപിച്ചു.പിഎസ്എൽവി സി 25 ആയിരുന്നു വിക്ഷേപണ വാഹനം. ചൊവ്വയിലേക്കുള്ള വിക്ഷേപണങ്ങളിൽ ആദ്യ ശ്രമത്തിൽ തന്നെ ലക്ഷ്യം കാണുന്ന ആദ്യത്തെ രാജ്യമായി ഈ ദൗത്യത്തിലൂടെ ഇന്ത്യ മാറി. 2014 സെപ്റ്റംബർ 24 മുതൽ മംഗൾയാൻ ഭ്രമണം തുടങ്ങി.

2019 ജൂലൈ 22 നാണ് ചാന്ദ്രയാൻ രണ്ട് വിക്ഷേപിച്ചത്. ജിഎസ്എൽവി മാർക്ക് ആയിരുന്നു വിക്ഷേപണ വാഹനം. പ്രഗ്യാൻ എന്നൊരു റോവർ, വിക്രം എന്നൊരു ലാൻഡർ, ഓർബിറ്റർ എന്നിവ അടങ്ങിയ ദൗത്യം പരാജയപ്പെട്ടെങ്കിലും പല നിരീക്ഷണങ്ങളും നടത്തി. 2015 ൽ വിക്ഷേപണം ചെയ്ത ഇന്ത്യയുടെ ആദ്യത്തെ ബഹിരാകാശ ദൂരദർശിനിയായ ആസ്ട്രോ സാറ്റും ഇന്ത്യയ്ക്ക് പല സുപ്രധാനമായ നേട്ടങ്ങളും ലഭിക്കാൻ കാരണമായിട്ടുണ്ട്.

ഇന്ത്യയ്ക്ക് മൂന്ന് പ്രധാന വിക്ഷേപണ കേന്ദ്രങ്ങളാണ് ഉള്ളത്. തിരുവനന്തപുരത്ത് തുമ്പയിൽ സ്ഥിതിചെയ്യുന്ന വിക്രം സാരാഭായി സ്പേസ് സെൻറർ (പണ്ട് ടി ഇ ആർ എൽ എസ്), ആന്ധ്രപ്രദേശിലെ നെല്ലൂരിൽ ശ്രീഹരി കോട്ടയിൽ സ്ഥിതിചെയ്യുന്ന സതീഷ് ധവാൻ സ്പേസ് സെൻറർ, ബാലസോർ (ഒഡീഷ) എന്നിവയാണവ. 1962 ൽ സ്ഥാപിക്കപ്പെട്ട ടിഇആർഎൽഎസ് 1965 ൽ വിക്രം സാരാഭായി സ്പേസ് സെൻറർ എന്ന് പുനർനാമകരണം ചെയ്തു. കേന്ദ്രം ഐക്യരാഷ്ട്ര സംഘടനയ്ക്ക് സമർപ്പിച്ചത് 1968 ഫെബ്രുവരി രണ്ടിനാണ്.

1971 ഒക്ടോബർ ഒന്നിനാണ് സതീഷ് ധവാൻ സ്പേസ് സെൻറർ സ്ഥാപിക്കപ്പെടുന്നത്. ലോകത്തിലെ തന്നെ ഏറ്റവും വലിയ വിക്ഷേപണ കേന്ദ്രങ്ങളിൽ ഒന്നാണ് ഇത്. രണ്ട് ലോഞ്ച് പാഡുകൾ ഉള്ള കേന്ദ്രം ആന്ധ്രാപ്രദേശിലെ (നെല്ലൂർ) ശ്രീഹരിക്കോട്ടയിൽ സ്ഥിതി ചെയ്യുന്നു. മൂന്നാമത്തെ


വിക്ഷേപണ സ്ഥലം ഒഡീഷയിലെ ബാലസോറിൽ സ്ഥിതി ചെയ്യുന്നു.

ബഹിരാകാശത്ത് എത്തിയ ആദ്യ ഇന്ത്യക്കാരൻ രാകേഷ് ശർമയാണ്. 1984 ഏപ്രിൽ മൂന്നിന് റഷ്യയുടെ സോയു ലെവൻ പദ്ധതിയുടെ ഭാഗമായാണ് രാകേഷ് ശർമ്മ ബഹിരാകാശത്ത് എത്തിയത്. പിന്നെ ബഹിരാകാശത്ത് എത്തിയ ആദ്യ ഇന്ത്യൻ വനിത കൽപ്പന ചൗളയാണ്. അമേരിക്കയുടെ എസ് ടി എസ് 87 101 പദ്ധതികളിൽ ഹരിയാനയിലെ കർനാലിൽ ജനിച്ചകല്പന ചൗള ഭാഗമായി. 2003 ഫെബ്രുവരി ഒന്നിന് കൊളംബിയ എന്ന വാഹനം തകർന്നാണ് അവർ മരണമടഞ്ഞത്. ഏറ്റവും കൂടുതൽ ബഹിരാകാശ നടത്തങ്ങൾ നടന്ന എന്ന റെക്കോർഡ് ഇന്ത്യക്കാരിയായ സുനിതാ വില്യംസിന്റെ പേരിലാണ്.

ഏതാണ്ട് അര നൂറ്റാണ്ടു കൊണ്ട് തന്നെ ബഹിരാകാശ രംഗത്ത് വിലപ്പെട്ട നേട്ടങ്ങൾ സ്വന്തമാക്കിയ ഇന്ത്യ ചില ദൗത്യങ്ങൾക്കുള്ള മുന്നൊരുക്കത്തിലാണ്. ചന്ദ്രനിൽ നിന്നും പാറക്കഷണങ്ങളും മണ്ണും ശേഖരിച്ചു കൊണ്ടുവരിക എന്ന ലക്ഷ്യവുമായി ചാന്ദ്രയാൻ 3 പദ്ധതി ആലോചനയിലുണ്ട്. മനുഷ്യനെ ബഹിരാകാശത്തേക്ക് അയക്കുക എന്ന ലക്ഷ്യം ഉള്ള ഗഗൻയാൻ പദ്ധതിയുടെ നടപടികൾ പുരോഗമിക്കുന്നു. സൂര്യനിലേക്ക് അയക്കുന്ന ആദിത്യ, ശുക്രപര്യവേഷണ ദൗത്യമായ ശുക്രയാൻ, മംഗൾയാൻ രണ്ട് എന്നിവ മറ്റു ഭാവി പരിപാടികളിൽ ഉൾപ്പെടുന്നവയാണ്.

അപർണ പി കെ

# വരകൾ വർണ്ണങ്ങൾ












# ഗ്ലാസ് പെയ് ന്റിങ്ങിൽ വിരിഞ്ഞ വിസ്മയം



അശ്വതി അജയൻ

# ഗുരുനാഥ രചനകൾ

## യൂണിഫോം!

വകതിരിവില്ലാത്ത പ്രായത്തിൽ
'തിരിഞ്ഞിടാതിരിക്കാൻ'
'വലിയൊരു' തുടങ്ങിയ ആചാരം,
യൂണിഫോം!

അനുഷ്ഠാന ഭംഗിയാൽ
അതിരുകൾ കടന്നും
വളർന്ന സംസ്കാരം,
യൂണിഫോം!

വളർന്നു വളർന്നത്
കോളേജു കുമാരി-
കുമാരന്മാരിൽ എത്തിയത്
എന്തിനാവാം?

തിരിച്ചറിവില്ലാത്ത കൗമാരത്തെ
തിരിച്ചറിയാനോ,
വ്യഥിത പാതയിൽ നിന്നും
അവരെ തിരിച്ചെടുക്കാനോ?

വിനു മുത്തത്തി!

## ആശ...

ഒരു മുഖപ്പാള
വേണായിരുന്നു...
കാണുന്നവന് കുളിരും
ധരിക്കുന്നവന് രക്ഷയും
നൽകുന്ന ഒന്ന്...
പുതുലോകത്തിൽ
നാട്ടുകാരെയും
കൂട്ടുകാരെയും
വീട്ടുകാരെയും
സുഖിപ്പിക്കാൻ
സന്തോഷിപ്പിക്കാൻ
കളിപ്പിക്കാൻ
കബളിപ്പിക്കാൻ
പറ്റിയ ഒരെണ്ണം..
എന്നുള്ളിലെ അധമനെ
എന്നുള്ളിലെ മൃഗത്തെ
എന്നുള്ളിലെ പച്ചമനുഷ്യനെ
ഒളിപ്പിക്കാൻ
ഒരു മുഖപ്പാള
വേണായിരുന്നു...
ഒരു മുഖപ്പാള
വേണായിരുന്നു...

വിനു മുത്തത്തി

# പൊതുവിജ്ഞാനം..

ചന്ദ്രൻ മാഷുടെ സ്കൂളിലെ പത്താം ക്ലാസ്സിന്റെ ആദ്യ പി ടി എ മീറ്റിങ്.സ്കൂൾ ഹൈടെക് ആവുന്നതിനെ കുറിച്ചും വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തേണ്ടതിനെ കുറിച്ചും അതിനു രക്ഷിതാക്കൾ സ്വീകരിക്കേണ്ട നിലപാടുകളെ കുറിച്ചും പ്രധാനാധ്യാപകൻ വളരെ വിശദമായും സരസമായും സംസാരിച്ചു.അതിനു ശേഷം മറ്റു അധ്യാപകരുടെ അവസരം വന്നു.പത്താം തരം എ യുടെ ക്ലാസ്സ് ചാർജ് ആയ ചന്ദ്രൻ മാഷ് എഴുന്നേറ്റു.ഹെഡ്മാസ്റ്റർ പറഞ്ഞതിൽ കൂടുതലായി ഒന്നും പറയാനുണ്ടായിരുന്നില്ല എങ്കിലും,മാഷും കുറെ ലോകകാര്യങ്ങൾ വിളമ്പി.കൂട്ടത്തിൽ ഇങ്ങനെയും ഒരു പ്രഖ്യാപനം നടത്തി:"സന്ധ്യക്ക് ശേഷം നിങ്ങൾ  നിങ്ങളുടെ മക്കളെ ടി വി കാണാൻ വിടരുത്.അത് അവരുടെ പഠനത്തെ വളരെയധികം ബാധിക്കും.അവരിൽ അലസത കൂടും.പഠനത്തിൽ ശ്രദ്ധ കുറയും.ഓർമ്മ ശക്തി കുറയും........"

രക്ഷിതാക്കളുടെ ഊഴം വന്നപ്പോൾ ഒരു രക്ഷിതാവ് എഴുന്നേറ്റ് പറഞ്ഞു:

"ഞാൻ എന്റെ മോനെ ടി വി കാണാൻ വിടും.അതിൽ നിന്ന് നമുക്ക് പലതും അറിയാൻ ഉണ്ട്.ഉദാഹരണത്തിന് സുരേഷ് ഗോപിയുടെ നിങ്ങൾക്കുമാകാം കോടീശ്വരൻ എന്നാ പ്രോഗ്രാം കാണുന്നത് കൊണ്ട് കുട്ടികളുടെ പൊതു വിജ്ഞാനം വർധിക്കില്ലേ? അതിനാൽ ടി വി യെ പാടെ തള്ളിപ്പറയുന്നതിനോട് യോജിപ്പില്ല"

മാഷ് കുറച്ചു വിളറി.എങ്കിലും"ഞാൻ പൂർണ്ണമായും എതിർക്കുന്നില്ലപ്പാ...കാണുന്നതിന്റെ സമയം ഒന്ന് ക്രമീകരിക്കണം എന്നാണു ഉദ്ദേശിച്ചത്" എന്നൊക്കെ പറഞ്ഞു ജാള്യത മറച്ചു.

എങ്കിലും മാഷിന്റെ എതിരാളികൾ ആയ അധ്യാപകരിൽ ഒരു കുസൃതി ചിരി തങ്ങി നിൽക്കുന്നത് മാഷ് കണ്ടു.അത് മാഷിന്റെ സ്വസ്ഥത ഇല്ലാതാക്കി..അന്ന് വീട്ടിലും മാഷ് അസ്വസ്ഥനായി കാണപ്പെട്ടു.

പിറ്റേന്ന് സ്കൂളിലെത്തിയ മാഷ് പത്ത് ബി യിലെ അഭിഷേകിനോട് (തലേന്ന് പി ടി എ മീറ്റിങ്ങിൽ പ്രസംഗിച്ച അശോകേട്ടന്റെ മോൻ)ചോദിച്ചു:

"ഇന്നലെ കോടീശ്വരൻ കണ്ടിരുന്നോ?"

"കണ്ടിരുന്നു"

"ഇന്ത്യ റിപ്പബ്ലിക് ആയതെപ്പോഴാ?

"ഓപ്ഷൻ ബി"

ചന്ദ്രൻ മാഷിൽ നിന്നും ആശ്വാസത്തിന്റെ ദീർഘനിശ്വാസം ഉയർന്നു😊😊😊😊😊

വിനു മുത്തത്തി

# ക്രിക്കറ്റ് ബാൾ ത്രോ!

ഉപജില്ലാ കായിക മേളക്ക്

പിള്ളേരെ തയ്യാറാക്കേണ്ട ചുമതല

തന്റെ ആദ്യ എൽ പി സ്കൂളിൽ

ചന്ദ്രൻ മാഷുടെ തലയിൽ!

സ്പോർട്സ് എന്ന് കേട്ടാൽ ആ ഭാഗത്തേക്ക് തിരിഞ്ഞു നോക്കാത്ത ചന്ദ്രൻ മാഷക്ക്

അതൊരു ശിക്ഷ തന്നെ ആയിരുന്നു!

മാഷ് ഇവന്റ് ലിസ്റ്റ് പരിശോധിച്ചു.

'ഭാഗ്യം ! താൻ ടി വി യിൽ സ്ഥിരം കാണുന്ന ക്രിക്കറ്റ് ബാൾ ത്രോ ഉണ്ട് !അതിലൊരു

കൈ നോക്കാം!'

പിറ്റേന്ന് മുതൽ മാഷ് ഉജ്ജ്വല കോച്ചിംഗ് ആരംഭിച്ചു.ഷൊഐബ് അക്തറിന്റെയും

ബ്രെറ്റ് ലീയുടെയും ബൗ ളിംഗ് ആക്ഷൻ ഒക്കെ കാണിച്ചു കൊടുത്തു!

സുധീഷ് അതൊക്കെ തന്നാൽ

കഴിയും വിധം അനുകരിച്ചു.

മത്സര ദിവസം രാവിലെ തന്നെ മാഷ്

തന്റെ ശിഷ്യനെയും കൂട്ടി കാങ്കോൽ ശിവക്ഷേത്ര മൈതാനിയിൽ എത്തി.അനൗൺസ്മെന്റ്

"ത്രോയിംഗ് ഏരിയായിൽ അടുത്തതായി നടക്കാൻ പോകുന്നത് കിഡീസ് ബോയ്സിന്റെ

ക്രിക്കറ്റ് ബാൾ ആണ്"

മാഷ് സുധീഷിനെയും കൊണ്ട് ത്രോയിംഗ് ഏരിയയിൽ എത്തി....

മത്സര ദിവസം രാവിലെ തന്നെ മാഷ്

തന്റെ ശിഷ്യനെയും കൂട്ടി കാങ്കോൽ ശിവക്ഷേത്ര മൈതാനിയിൽ എത്തി.അനൗൺസ്മെന്റ്

"ത്രോയിംഗ് ഏരിയായിൽ അടുത്തതായി നടക്കാൻ പോകുന്നത് കിഡീസ് ബോയ്സിന്റെ

ക്രിക്കറ്റ് ബാൾ ആണ്"

മാഷ് സുധീഷിനെയും കൊണ്ട് ത്രോയിംഗ് ഏരിയയിൽ എത്തി.ശിഷ്യന് ആദ്യ നമ്പർ

തന്നെ കിട്ടി.അവൻ അക്തർ മോഡലിൽ പന്തെറിഞ്ഞു.അടുത്തവൻ വന്നു

അവൻ മാങ്ങക്ക് എറിയുന്ന മാതിരി പന്ത് വലിച്ചെറിഞ്ഞു!

ചന്ദ്രൻ മാഷിന്റെ ഉള്ളൊന്നു കാളി!

പിന്നെ വന്നവർ വന്നവർ പന്ത് നീട്ടി എറിയാൻ തുടങ്ങി!

മാഷ് തൊട്ടടുത്തുള്ള സ്കൂളിലെ മാഷിന്റെ അടുത്ത് ചെന്ന് ഇങ്ങനെ പറഞ്ഞു:

"എനിക്ക് പെട്ടെന്ന് എന്തോ ഒരു അസ്വാസ്ഥ്യം പോലെ!.നിങ്ങള് എന്റെ ഈ പയ്യനെ ഒന്ന് വീട്ടില് എത്തിക്കാമോ?"

"ഓ,അതിനെന്താ മാഷെ?"

ആ മാഷ് സമ്മതിക്കുകയും ചെയ്തു.

"അവനു, എങ്ങിനെ എറിയണം എന്ന് പറഞ്ഞു കൊടുക്കണേ "

ചന്ദ്രൻ മാഷ് ഒർമിപ്പിച്ചു .എന്നിട്ട് പതുക്കെ അവിടെ നിന്ന് മുങ്ങി!

അവന്റെ ഊഴം വന്നപ്പോൾ ആ മാഷ് (പേര് പറയാൻ നിർവാഹം ഇല്ല !)പറഞ്ഞു:

"അങ്ങവിടെ മാങ്ങ ഉണ്ടെന്നു വിചാരിച്ചു വലിച്ചെറിയൂ,മോനെ!"

സുധീഷ് അത് അനുസരിച്ചു.

അവന്റെ അത്രയും എറിയാൻ

കഴിയുന്നവർ ആരും അവിടെ ഉണ്ടായില്ല,പിന്നെ!

പിറ്റേന്നു അസംബ്ലിയിൽ ഹെഡ്മാസ്റ്റർ പ്രസംഗിക്കുമ്പോഴാണ് ചന്ദ്രൻ മാഷ് സ്കൂളിൽ എത്തുന്നത്.

"...സുധീഷ് ഈ സ്കൂളിലേക്ക് ആദ്യമായി ഒന്നാം സ്ഥാനം കൊണ്ട് വരുമ്പോൾ അതിന്റെ ക്രെഡിറ്റ് മുഴുവൻ പോകുന്നത് അവനു ചിട്ടയായ പരിശീലനം നല്കിയ ചന്ദ്രൻ മാഷിലേക്കാണ് .ചന്ദ്രൻ മാഷിലൂടെ ഇനിയും ഈ സ്കൂളിലേക്ക് വിജയങ്ങൾ എത്തിച്ചേരുമെന്നു പ്രതീക്ഷിക്കുന്നു..."

ചന്ദ്രൻ മാഷക്ക് ഒന്നും മനസ്സിലായില്ല!!!

വിനു മുത്തത്തി..





പ്രേംകുമാർ കണ്ണോം

# ശില്പചാതുരി






പ്രേംകുമാർ കണ്ണോം








# ശില്പചാതുരി







പ്രേംകുമാർ കണ്ണോം

# മ്യൂറൽ പെയ് ന്റിങ്ങിലെ വിസ്മയം





ഷീന ടി സി വി

# അമ്മമാർക്ക് നൽകിയ

# ക്ലാസിൽ നിന്നും








# ഞങ്ങൾ ലിറ്റിൽകൈറ്റ്സ് ..................................




## നന്ദി